# പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2026-27

മാന്യരെ,

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായുള്ള ഈ യോഗത്തിൽ ഹാജരായിട്ടുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളേയും ആസൂത്രണ സമിതി അംഗങ്ങളേയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും മാധ്യമപ്രവർത്തകരേയും ഈ ചടങ്ങിനോടനുബന്ധിച്ച് ഇവിടെ എത്തിച്ചേർന്ന മുഴുവൻ ആളുകളേയും ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുകയാണ്.

പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവ സ്രോതസ്സുകൾ പരാമവധി പ്രയോജനപ്പെടുത്തി അടിസ്ഥാന സൌകര്യ വികസന മേഖലയിലും, സാമൂഹ്യ ക്ഷേമ രംഗത്തും ശ്രദ്ധിക്കപ്പെടുന്ന മാറ്റങ്ങളാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ വിഭവ സ്രോതസ്സുകൾ പരിമിതമാണെന്ന് തിരിച്ചറിയുമ്പോളും പഞ്ചായത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം ഉദ്ഘാടനം ചെയ്യപ്പെട്ടു എന്നുള്ളതും, പടിയൂർ ഇക്കോ ടൂറിസം പദ്ധതിയും, കേന്ദ്ര ഐടിഐയും, കിൻഫ്രയുടെ സ്ഥലം ഏറ്റെടുത്ത് പൂർത്തിയാവുന്നതോടുകൂടി ഐടി മേഖലയുടെയും മറ്റു വ്യവസായങ്ങളുടെയും കടന്നുവരവ് നമ്മുടെ പഞ്ചായത്തിന് കേരള ഭൂപടത്തിൽ ഉയർത്തിക്കാട്ടും എന്ന് മാത്രമല്ല തനത് വരുമാനത്തിലും പഞ്ചായത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല.

ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുമ്പ് തന്നെ തൊട്ടടുത്ത വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമുള്ള വിഭവസ്രോതസ്സുകൾ കണ്ടെത്തി വാർഷിക ബജറ്റ് അംഗീകരിക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ നിയമപരമായ ഉത്തരവാദിത്വമാണെന്ന ബോധ്യത്തിലുമാണ് ബജറ്റ് അവതരിപ്പിക്കുന്നത്.

പ്രാദേശിക സർക്കാർ എന്ന നിലയിൽ ലഭ്യമാകുന്ന വികസന ഫണ്ടുകൾ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ്, ജില്ല ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ, എം പി, എം എൽ എ ഫണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട്, ശുചിത്വ മിഷൻ ഗ്രാൻഡ്, സാമൂഹ്യ സുരക്ഷാ പെൻഷൻ മുതലായ ഇനങ്ങളിൽ ലഭ്യമാകുന്ന വിഹിതങ്ങളും ഉൾപ്പെടെയുള്ള എല്ലാ വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകുന്നതിനും എല്ലാ വിഭവങ്ങളോടും നീതിപുലർത്താൻ 2026-27 വർഷത്തേക്കുള്ള ബജറ്റിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.

## ധനകാര്യ വിശകലനം

കേരളത്തിലെ പഞ്ചായത്തീരാജ് നഗരപാലിക സമ്പ്രദായങ്ങൾ സമാനതകളില്ലാത്ത ഭരണസംവിധാനമാണ്. സാമൂഹ്യനീതി ഉറപ്പാക്കി കൊണ്ടുള്ള തദ്ദേശീയ സാമ്പത്തിക വികസനം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങളുടെ ഗുണനിലവാരം പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗണ്യമായ തോതിൽ തനത് വരുമാനം ആർജ്ജിക്കേണ്ടത് അനിവാര്യമാണ്. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് മുതലായവയാണ് തനത് വരുമാനമായി നമുക്ക് ലഭിക്കുന്നത്. ഇതിനുപുറമെ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള പൊതു ആവശ്യ ഗ്രാന്റുകളും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. കാലത്തിനനുസരിച്ച് മാറ്റങ്ങൾ നടത്തേണ്ടത് പ്രാദേശിക സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമാണെന്ന് ബോധ്യമുണ്ടെങ്കിൽ കൂടി തനതു വരുമാനത്തിന്റെ അഭാവം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നു. വരുമാന വർദ്ധനവിനായി ഏറ്റെടുത്ത നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. വരുംകാലങ്ങളിൽ കുറ്റമറ്റ രീതിയിൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും എന്ന ശുഭപ്രതീക്ഷ നമ്മുടെ മുന്നിലുണ്ട്.

ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, യാത്രബത്ത, താൽക്കാലിക ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, ടെലഫോൺ ചാർജുകൾ, അച്ചടി, സ്റ്റേഷനറി, തെരുവ് വിളക്കുകളുടെ പരിപാലനം വെള്ളക്കരം തുടങ്ങിയ ചെലവുകൾ വർധിച്ചു

വരുന്നുണ്ട്. ചിലവുകൾക്ക് അനുസരിച്ച് വരുമാനം വർദ്ധനവ് ഉണ്ടായില്ലെങ്കിൽ വരുംകാലങ്ങളിൽ പ്രതിസന്ധി സൃഷ്ടിച്ചേക്കാം.

പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവഹണവും പ്രാദേശിക സർക്കാരിൽ നിക്ഷിപ്തമാണെന്നതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ മറ്റ് പിന്നോക്ക വിഭാഗക്കാർ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസന നയമാണ് ലക്ഷ്യമിടുന്നത്. എല്ലാവരുടെയും മൗലിക അവകാശങ്ങളുടെ സംരക്ഷണം, സാമൂഹിക സുരക്ഷ, കാർഷിക മേഖലയിലെ സ്വയം പര്യാപ്തത, അതിദാരിദ്ര്യ നിർമാർജനം, ഉയർന്ന ഗുണനിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ, മാലിന്യനിർമാർജനം, തൊഴിൽ ജീവന മാർഗ്ഗം, വാതിൽപ്പടി സേവനങ്ങൾ, ജലപരിപാലനം, തുടങ്ങി പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ മുൻനിർത്തി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അതുവഴി സന്തോഷവും സംതൃപ്തവുമായ സമൂഹമാക്കി മാറ്റുന്നതിനാവശ്യമായ സമീപനങ്ങൾ സ്വീകരിക്കുക എന്നതാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്.

## ഉല്പാദന മേഖല

50 ഹെക്ടറിൽ അധികമായി പരന്നുകിടക്കുന്ന ബ്ലാത്തൂർ കല്യാട് പാടശേഖരങ്ങൾ പടിയൂർ കല്ല്യാട് പഞ്ചായത്തിന്റെ നെല്ലറയാണ് .എന്നാൽ ജലലഭ്യത കുറവ് മൂലം പാടശേഖരം പൂർണമായും എല്ലാ വിളയും ലഭ്യമാക്കുന്നതിന് സാധ്യമാകുന്നില്ല. ഇത് പരിഹരിക്കുന്നതിന് പാടശേഖര സമിതിക്ക് കുഴൽക്കിണറും പമ്പ് സെറ്റും ടാങ്കും ഉൾപ്പെടെ നൽകുന്നതിനും ബജറ്റിൽ തുക വകയിരുത്തുന്നു. 2025 -30 കാലയളവിലെ പുതിയ പഞ്ചായത്ത് ഭരണസമിതി ചുമതല ഏറ്റെടുത്ത സമയത്ത് തന്നെ നമ്മുടെ പഞ്ചായത്തിനെ കാർബൺ ന്യൂട്രൽ പഞ്ചായത്തായി മാറ്റുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ട് .അതിന്റെ തുടക്കം കുറിച്ചുകൊണ്ട് ഈ വർഷത്തെ പദ്ധതിയിൽ പഞ്ചായത്തിന്റെ പുഴയോരങ്ങളിലും കൊത്തിയൊഴിഞ്ഞ സ്വകാര്യ ചെങ്കൽ ക്വാറികളിലും മുള നട്ടുപിടിപ്പിക്കുന്നതിനായി മുള ഗ്രാമം പദ്ധതിക്കും തുടക്കം കുറിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ പച്ചക്കറി തൈകളും, ഉത്പാദന വസ്തുക്കളും ഇവിടെത്തന്നെ ഉത്പാദിപ്പിക്കണം എന്നുള്ളത് കർഷകരുടെ ഏറെ നാളത്തെ നിർദ്ദേശങ്ങളിൽ ഒന്നാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ കാർഷിക നഴ്സറിക്കായി 6 ലക്ഷം രൂപ

വകയിരുത്തുന്നു. തരിശുനിലങ്ങൾക്ക് നെൽകൃഷി പ്രോത്സാഹനമായി ഏഴ് ലക്ഷം രൂപയും നെൽകൃഷിക്ക് കൂലി ചിലവ് സബ്സിഡിയായി 26 ലക്ഷവും ബഡ്ജറ്റിൽ വകയിരുത്തുന്നു.

കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പടിയൂർ ചില്ലീസ് മുളക് തൈ വിതരണത്തിന് നല്ല സ്വീകാര്യത ലഭിച്ചിട്ടുണ്ട് അതുകൊണ്ട് ഈ വർഷവും 6,51,000 രൂപ ഈ മേഖലക്ക് മാറ്റിവയ്ക്കുന്നു.

പച്ചക്കറി തൈ വിതരണം എല്ലാവർഷവും പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്. ഈ വർഷവും ശീതകാല പച്ചക്കറി തൈ വിതരണത്തിനായി മൂന്ന് ലക്ഷം രൂപയും വകയിരുത്തുന്നു. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഔഷധസസ്യങ്ങളുടെ ഉൽപാദനത്തിൽ നമ്മുടെ പഞ്ചായത്തിൽ വലിയ മാറ്റം ഉണ്ടാക്കുന്നതിനും, കാർഷിക മേഖലയിൽ വൻ വരുമാന വർദ്ധനവിനും ഇടയാകും. അതിനാൽ മഞ്ഞൾ ഗ്രാമം പദ്ധതിക്കായി 10 ലക്ഷം രൂപയും ഔഷധകൃഷിക്കായി 2 ലക്ഷം രൂപയും വകയിരുത്തുന്നു.

മൃഗസംരക്ഷണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി പാൽവില സബ്സിഡി, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, ധാതുലവണ മിശ്രിതം വിരമരുന്ന്, വയോജനങ്ങൾക്ക് ആട് വളർത്തൽ യൂണിറ്റ്, പോത്തുകുട്ടി വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 45 ലക്ഷം രൂപ വകയിരുത്തുന്നു. വാർഷിക പദ്ധതിയിലെ ഉത്പാദന മേഖലയിലേക്ക് ആകെ 1 കോടി 15 ലക്ഷം രൂപ വകയിരുത്തുന്നു.

## സേവന മേഖല

സംസ്ഥാന സർക്കാരിന്റെ അതിദാരിദ്ര്യമില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 14 ഗുണഭോക്താക്കൾക്ക് ഭവനം, ഭവന നവീകരണം ആരോഗ്യ സേവനം വരുമാനദായക മാർഗ്ഗങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ദാരിദ്ര്യം ഇല്ലാത്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിനായി സ്ത്രീകൾ/കുട്ടികൾ/ഭിന്നശേഷി വിഭാഗക്കാർ വയോജനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ എന്നിവരെ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സമൂഹത്തിന്റെ

മുഖ്യധാരയിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു.

പഞ്ചായത്ത് പരിധിയിലെ വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്കും, വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക എന്ന ലൈഫ് ഭവന പദ്ധതിയിലൂടെ പഞ്ചായത്തിലെ 295 വീടുകൾ പൂർത്തീകരിക്കുകയും, 41 എണ്ണം പ്രവർത്തന ഘട്ടത്തിലുമാണ്. ബജറ്റ് വർഷത്തിൽ ആവശ്യമായ തുക ലഭ്യമാക്കി സമ്പൂർണ്ണ ഭവന ലക്ഷ്യം കൈവരിക്കുന്നതിനായി 1 കോടി 87 ലക്ഷം രൂപയും, ഭവന പുനരുദ്ധാരണത്തിനായി 32 ലക്ഷം രൂപയും വകയിരുത്തുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഭിന്നശേഷി കലോത്സവം എന്നീ പദ്ധതികൾക്കായി 12, 60,000 രൂപ മാറ്റിവയ്ക്കുന്നു.

ബാല സൗഹൃദ പഞ്ചായത്ത് എന്ന നിലയിൽ അങ്കണവാടി കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. അങ്കണവാടി കുട്ടികളുടെ പോഷകാഹാരത്തിനായി 28 ലക്ഷം രൂപയും, അങ്കണവാടി കലോത്സവം, അങ്കണവാടികൾക്ക് ടാബും വൈഫൈയും, ഫുഡ് കണ്ടെയ്നറുകളും പാത്രങ്ങളും വാങ്ങൽ, തുടങ്ങിയവയ്ക്കായും 11 ലക്ഷം രൂപയും,കുട്ടികൾക്ക് പാർക്ക് നിർമ്മിക്കുന്നതിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.

സ്ത്രീപദവി പഠനം പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന നിലയിൽ പഞ്ചായത്തിലെ സ്ത്രീ സമൂഹത്തിന്റെ പൊതുസ്ഥിതി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്ത്രീകളുടെ ശാരീരിക ക്ഷമത വർധിപ്പിക്കുന്നതിനായി ഒരു ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിന് 7 ലക്ഷം രൂപയും, വനിതകൾക്ക് നൈപുണ്യ വികസന പരിശീലനത്തിന് 20,000 രൂപയും,ജനകീയ ഹോട്ടലിന് 1,50,000 രൂപയും,വനിതകൾക്ക് ഫുഡ് പ്രോസസിങ് യൂണിറ്റിനായി 8 ലക്ഷം രൂപയും മാറ്റിവയ്ക്കുന്നു.

വയോജന സൗഹൃദ പഞ്ചായത്ത് എന്ന ആശയം മുൻനിർത്തിക്കൊണ്ട് എല്ലാ വാർഡുകളിലും വയോജന സ്ഥലങ്ങൾ രൂപീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ വയോജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനായി വയോജന കലോത്സവവും, സഹായ ഉപകരണങ്ങളും, വയോജനങ്ങൾക്ക്

സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ആടുവളർത്തൽ യൂണിറ്റും,വയോജന വിശ്രമ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണിയും, ഫർണിച്ചറുകളും, സ്വാന്തന പരിചരണ പ്രവർത്തനങ്ങളും ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ വകയിരുത്തുന്നു.

പട്ടികജാതി/ പട്ടികവർഗ്ഗ മേഖലയിലെ വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, പഠനമുറി,ഫർണിച്ചർ, ഉന്നത പഠനത്തിന് ധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ലൈഫ് ഭവന പദ്ധതി,ഭവന പുനരുദ്ധാരണം ഉൾപ്പെടെ 67 ലക്ഷം രൂപയും, പഞ്ചായത്തിലെ ഉന്നതികളിലെ സമഗ്ര വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിന് 2 ലക്ഷം രൂപയും മാറ്റിവെക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് തെരുവുവിളക്ക് സ്ഥാപിക്കുന്നതും, പരിപാലനവും, സ്ട്രീറ്റ് മെയിൻ പുതുതായി സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 1 ലക്ഷം വകയിരുത്തുന്നു.

ആരോഗ്യമേഖലയിൽ കേരളം ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ മേഖലകളിൽ മികച്ച സേവനം നൽകുന്നതിന് ഫാമിലി ഹെൽത്ത് സെന്ററുകളുടെയും, ആയുർവേദം, ഹോമിയോ ഡിസ്പെൻസറികളുടെയും, സബ് സെന്ററിന്റെയും പ്രവർത്തനത്തിലൂടെ സാധിക്കുന്നുണ്ട്. ആരോഗ്യമേഖലയിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 36 ലക്ഷം രൂപ വകയിരുത്തുന്നു.

## മാലിന്യ നിർമാർജനം

മാലിന്യനിർമാർജന രംഗത്ത് സർക്കാർ നൽകുന്ന പ്രാധാന്യം കണക്കിലെടുത്ത് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യനിർമാർജനം ശാസ്ത്രീയവും, ഫലപ്രദവും ആക്കുന്നതിനുമായി വ്യത്യസ്തങ്ങളായ പരിപാടികൾ നടത്തിവരികയും പഞ്ചായത്തിന് കൂടുതൽ ശ്രദ്ധയും അധ്വാനവും ഫണ്ടും ഈ മേഖലയിലേക്ക് ചെലവഴിക്കേണ്ടി

വരികയും ചെയ്യുന്നുണ്ട്.ഹരിത കർമ്മ സേന വഴിയുള്ള വീടുകളിലെയും, സ്ഥാപനങ്ങളിലെയും വാതിൽപ്പടി ശേഖരണവും മാലിന്യം നീക്കംചെയ്യലും മെഗാ ശുചീകരണത്തിന്റെയും ക്ലീൻ ഡ്രൈവിന്റെയും ഭാഗമായി ഉണ്ടാകുന്ന മാലിന്യം നീക്കൽ,മാലിന്യ സംഭരണ കേന്ദ്രമായ MCF, മിനി എംസിഎഫ്, പരിപാലനം, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കൽ മുതലായവയുമായി ബന്ധപ്പെട്ട് നിരവധിയായ പദ്ധതികളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. മാലിന്യം തള്ളാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കും. വാർഡുകളിൽ കുപ്പി ബൂത്തുകൾ അധികമായി സ്ഥാപിക്കും. ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യും. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും, ദരിദ്രകുടുംബങ്ങളുടെയും യൂസർഫീ ഒടുക്കും. പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കുറക്കുന്നതിനായി തുണിസഞ്ചി വിതരണം ചെയ്യും. പഞ്ചായത്തിലെ ശ്മശാനം ആധുനികവൽക്കരിച്ച് വാതക ശ്മശാനം ആക്കി മാറ്റുന്നതുൾപ്പെടെയുള്ള മാലിന്യനിർമാർജന പദ്ധതികൾക്കായി ആകെ ഒരുകോടി 17 ലക്ഷം രൂപ വകയിരുത്തുന്നു.

പഞ്ചായത്തിലെ പൊതു കിണറുകളെല്ലാം ശുചിത്വ കിണറുകൾ ആക്കുന്നതിനും,പുതിയ കുടിവെള്ള പദ്ധതികൾക്കുമായി 19 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## പശ്ചാത്തല സൌകര്യ വികസനങ്ങൾ

പശ്ചാത്തല മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് തന്നെ ഗ്രാമപഞ്ചായത്തിന് അടുത്തകാലത്തായി കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് പശ്ചാത്തല മേഖലയിൽ ഉപയോഗിക്കുന്നതിന് പര്യാപ്തമല്ലെങ്കിലും സംസ്ഥാന സർക്കാറിന്റെ വിവിധ പദ്ധതികളിലൂടെയും ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടിലൂടെയും ആ കുറവ് പരിഹരിക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനത്തിനായി ഒരു കോടി 90 ലക്ഷം രൂപയും വകയി രുത്തുന്നു

സാംസ്കാരിക മേഖലയിലും കായികരംഗത്തും മുന്നിട്ടു നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ ഗ്രന്ഥാലയങ്ങൾക്ക് പത്രം, ഫർണിച്ചർ, രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ, കേരളോത്സവം, കളിസ്ഥല നിർമ്മാണം കളിസ്ഥലം വാങ്ങിക്കൽ തുടങ്ങിയ പദ്ധതികൾക്കായി 29 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ക്ഷേമ പ്രവർത്തനങ്ങൾ

ദേശീയ വാർദ്ധകാല പെൻഷൻ വാങ്ങുന്നവർ 1881, കർഷക തൊഴിലാളി പെൻഷൻ 550 ,വിധവ പെൻഷൻ 904, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പെൻഷൻ 261, 50 കഴിഞ്ഞു അവിവാഹിതകൾക്കുള്ള പെൻഷൻ 48, എന്നിങ്ങനെയാണ്. കേരള സർക്കാരിന്റെ പുതിയ ക്ഷേമപദ്ധതിയായ സ്ത്രീ സുരക്ഷാ പദ്ധതിയിൽ 763 പേരും ഉൾപ്പെടുന്നു.

പെൻഷനും, ക്ഷേമ പദ്ധതിയിലൂടെയും ലഭിക്കുന്ന തുകകൾ DBT സമ്പ്രദായം വഴി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതല്ലെങ്കിലും ആയത് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതികൾക്കായി റവന്യൂ വരവിലും ചെലവിലും ആയി 9 കോടി രൂപ വകയിരുത്തുന്നു.സ്ത്രീസുരക്ഷ പദ്ധതിക്കായി ബജറ്റിൽ 1,45,00000 / -രൂപ വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏറ്റവും ഫലപ്രദമായ ഉപയോഗപ്പെടുത്തുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. 2025-26 സാമ്പത്തിക വർഷം ഇതുവരെ 4 കോടി രൂപയോളം ചിലവഴിച്ചു. 65000 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചു. 10 പ്രവർത്തികളിലായി 1.60 km ദൂരം റോഡ് കോൺക്രീറ്റ് ചെയ്യാൻ സാധിച്ചു.

വ്യക്തിഗത ആനുകൂല്യങ്ങൾക്കായി 7 തൊഴുത്ത്, 3 ആട്ടിൻ കൂട് 1 കിണർ ,3 സോക്ക്പിറ്റ് എന്നിവ നിർമ്മിച്ചു.

**73 ലൈഫ് ഗുണഭോക്താക്കൾക്കും 5 PMAY ഗുണഭോക്താക്കൾക്കും 90 തൊഴിൽ ദിനങ്ങൾ നൽകിവരുന്നുണ്ട്.**

**രണ്ട് റോഡുകൾക്ക് കൾവേർട്ടുകൾ നിർമ്മിച്ചു.**

**നമ്മുടെ പഞ്ചായത്തിലെ രണ്ടു വാർഡുകളിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തന്നെ നഴ്സറികൾ നിർമിച്ച് ചെടികൾ ഉത്പാദിപ്പിക്കുകയും കൂടാതെ കണ്ണവം ഫോറസ്റ്റ് നഴ്സറിയിൽ നിന്ന് ലഭ്യമായ തൈകളും ഉപയോഗിച്ച് 10 പച്ചതുരുത്തുകളാണ് നിർമ്മിച്ചത്. അതിൽ എസ് ടി വിഭാഗത്തിൽപ്പെട്ട മൂന്നു ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈകൾ നട്ടു കൊടുക്കുകയും പുഴക്കരകളിൽ മുള വെച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**

**നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 12 കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിച്ചു. 75 കുടുംബങ്ങൾ 80 നു മുകളിൽ തൊഴിൽ ദിനങ്ങളായിട്ടുണ്ട്.**

**കൃഷിയെ സഹായിക്കുന്നതിന് ആവശ്യമായ ഭൂവികസന പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽ വന്ന നിയന്ത്രണങ്ങൾ നമ്മുടെ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയെ വളരെയേറെ ബാധിച്ചിട്ടുണ്ടെങ്കിലും പ്ലാന്റേഷൻ പ്രവർത്തികൾക്കും ജലസംരക്ഷണം ഉൾപ്പെടെയുള്ള നീർത്തട പരിപോഷണ പ്രവർത്തികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള 26 കോടി രൂപയുടെ കർമ്മ പദ്ധതിയാണ് രൂപീകരിച്ചിട്ടുള്ളത്. തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ ടെൻഡർ ചെയ്തു കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്. ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ ഉൾപ്പെടെ ആറു കോടി രൂപ ചെലവഴിക്കുന്നതിനുള്ള ലേബർ ബജറ്റ് ആണ് വരുന്ന സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയിട്ടുള്ളത്.**

## ഉപസംഹാരം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ചിലവുകളും വികസനചിലവുകളും വർദ്ധിച്ചുവരികയാണ്. ആവശ്യത്തിന നുസരിച്ചുള്ള വരുമാന വർദ്ധനവ് ഉണ്ടാകുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരം പരിമിതമാണ്. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവും, പടിയൂർ ഇക്കോ ടൂറിസം പദ്ധതിയും, കേന്ദ്ര

ഐടിഐയും എല്ലാം പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമാവുകയും കിൻഫ്ര സ്ഥല മേറ്റെടുക്കുന്നതോടുകൂടി ഐടി മേഖലയുടെ കടന്നുവരവും ഉണ്ടാവും, വരും വർഷങ്ങളിൽ ഇത് നമ്മുടെ പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിൽ വലിയ വർദ്ധനവ് ഉണ്ടാകും എന്ന പ്രതീക്ഷയിൽ 2026-27 വർഷത്തേക്കുള്ള ഈ ബജറ്റ് നിങ്ങളുടെ ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വി വി രാജീവ്

വൈസ് പ്രസിഡന്റ്